പതിമൂന്നാം കേരള നിയമസഭ

**പതിനാറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2635

19-02-2016 - ൽ മറുപടി നൽകേണ്ടത്

## പാഠപുസ്തക അച്ചടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി.കെ.എസ്.സലീഖ : | ശ്രീ.പി.കെ.അബ്ദുറബ്ബ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

| | |
|---|---|
| എ) 2015-16 അദ്ധ്യയന വർഷം ഒന്നു മുതൽ എട്ടുവരെ ക്ലാസ്സുകളുടെ 43 ലക്ഷം പാഠപുസ്തകങ്ങൾ അച്ചടിക്കുവാൻ സി-ആപ്റ്റ് എന്ന സ്ഥാപനത്തെ ഏല്പിച്ചിട്ടുണ്ടോ; | എ) ഉണ്ട് |
| ബി) എങ്കിൽ അച്ചടി നടത്താൻ സാങ്കേതിക സംവിധാനമില്ലാത്ത സി-ആപ്റ്റ് ഇതു മറച്ച് വച്ച് പുറം കരാർ നൽകിയോ; വിശദാംശം വ്യക്തമാക്കുമോ; | ബി) ഇല്ല |
| സി) ഇതുമായി ബന്ധപ്പെട്ട് സി-ആപ്റ്റ് പുറം കരാർ ആർക്കാണ് നൽകിയത്; ഇതുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാരിന് എന്ത് തുകയുടെ നഷ്ടം സംഭവിച്ചു; | സി) ബാധകമല്ല |
| ഡി) ടെണ്ടർ നടപടികളിൽ എന്തൊക്കെ ക്രമക്കേടുകളാണ് സി-ആപ്റ്റ് നടത്തിയത് എന്നാണ് ധനകാര്യ പരിശോധനാ വിഭാഗം കണ്ടെത്തിയത്; വിശദാംശം വ്യക്തമാക്കുമോ; | ഡി) പാഠപുസ്തക അച്ചടിയുമായി ബന്ധപ്പെട്ട് സുതാര്യമല്ലാതെയും ചട്ടവിരുദ്ധമായും ഒരു പ്രത്യേക സ്ഥാപനത്തിന് സഹായകരമായ രീതിയിലും ടെൻഡർ നടപടികൾ സ്വീകരിച്ചതിൽ എം.ഡിയുടെ ഭാഗത്തു നിന്നും ഗുരുതരമായ വീഴ്ചകൾ സംഭവിച്ചു എന്നതാണ് ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ കണ്ടെത്തൽ. |

| | |
|---|---|
| ഇ) സി-ആപ്റ്റിന്റെ മാനേജിംഗ് ഡയറക്ടർ ആരായിരുന്നു എന്നും ക്രമക്കേട് നടത്തിയ ഇദ്ദേഹത്തിനെതിരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്നും അറിയിക്കുമോ; ഇതുമായി ബന്ധപ്പെട്ട മറ്റ് ഉദ്യോഗസ്ഥർ ആരെല്ലാമെന്നും അവർക്കെതിരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്നും വ്യക്തമാക്കുമോ; | ഇ) സി-ആപ്റ്റ് മാനേജിംഗ് ഡയറക്ടറായിരുന്ന ഡോ. സജിത്ത് വിജയരാഘവനെ ലോട്ടറി ടിക്കറ്റ് അച്ചടിയന്ത്രങ്ങൾ വാടകയ്ക്ക് എടുത്തതുമായി ബന്ധപ്പെട്ട് വി.ഇ.03/14/എസ്.ഐ.യു - II നമ്പറായി നടത്തിയ വിജിലൻസ് അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് (ബി) വകുപ്പിന്റെ 01/01/2016 -ാം തീയതിയിലെ ജി.ഒ.(ആർ.റ്റി) നം. 02/2016/വിജി. നമ്പർ ഉത്തരവ് പ്രകാരം സസ്പെന്റ് ചെയ്യുകയും, സി-ആപ്റ്റ് പർച്ചേസ് (മെറ്റീരിയൽ ഡിവിഷൻ) ഓഫീസർ ഇൻ ചാർജ്ജ് ആയിരുന്ന ശ്രീ.ജയഗോപാലിനെ തിരുവനന്തപുരം ജില്ലയ്ക്ക് പുറത്തുള്ള സി-ആപ്റ്റിന്റെ കീഴിലുള്ള മറ്റേതെങ്കിലും ഓഫീസിലേക്ക് സ്ഥലം മാറ്റണമെന്നുള്ള വിജിലൻസ് വകുപ്പിന്റെ ശുപാർശയിന്മേൽ നടപടികൾ സ്വീകരിച്ച് വരുകയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ